## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1081.** **01.03.2017 ന് മറുപടിയ്ക്ക്**

## വിമുക്തിപദ്ധതിയുടെ ഭാഗമായുള്ള ലഹരി മോചനകേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിമുക്തിപദ്ധതിയുടെ ഭാഗമായി ലഹരി മോചനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വിമുക്തിയുടെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രിയോടും ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഗവേഷണ സൗകര്യത്തോടെയുള്ള ലഹരി മോചന കേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കേന്ദ്രത്തിൽ ഏർപ്പെടുത്താൻ ആലോചിക്കുന്നത്; | (ബി) | ഉണ്ട്. ദേശീയ നിലവാരത്തിലുള്ള ഒരു ഡി-അഡിക്ഷൻ സെന്റർ (പുനരധിവാസ ഗവേഷണ സൗകര്യത്തോടെയുള്ള) ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ഡി-അഡിക്ഷൻ സെന്ററിൽ ഉൾപ്പെടുത്തുവാനുള്ള സൗകര്യങ്ങളെ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | ലഹരിവിമോചന കേന്ദ്രങ്ങളിൽ ആരോഗ്യവകുപ്പിൽ നിന്നുള്ള എന്തെല്ലാം തരത്തിലുള്ള സഹകരണമാണ് എക്സൈസ് വകുപ്പ് പ്രതീക്ഷിക്കുന്നത്? | (സി) | ജില്ലാ ആശുപത്രിയോട് ചേർന്ന് ആരംഭിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെയാണ് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ജില്ലാ ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഡോക്ടർ, നേഴ്സ് മറ്റ് ജീവനക്കാർ, മരുന്നുകൾ, തുടർ പ്രവർത്തനങ്ങൾക്കുള്ള സഹകരണം തുടങ്ങിയവയാണ് ആരോഗ്യ വകുപ്പിൽ നിന്നും പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**